സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ പാടുള്ളുവെന്ന് അറിയിച്ചിട്ടുള്ളതിനാൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സുമാരുടെ ജില്ലാതല സീനിയോറിറ്റി തയ്യാറാക്കിവരുന്നു.

സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം

223 (4509) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗം ജീവനക്കാരുടെയും മിനിമം വേതനം എത്ര വീതമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; മിനിമം വേതനം നിലവിൽ വന്നിട്ട് എത്ര കാലമായി;

(ബി) ജീവനക്കാർക്ക് മിനിമം വേതനം നൽകാത്ത ആശുപത്രികളുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഓരോ ജില്ലയിലും ഇത്തരം എത്ര ആശുപത്രികളുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും വേണ്ടി വ്യത്യസ്ത വേതന നിരക്കുകൾ ഉൾപ്പെടുത്തി സർക്കാരിന്റെ സ.ഉ. (എം.എസ്) നമ്പർ 135/2013/തൊഴിൽ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 2013-നവംബർ മുതൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത വിജ്ഞാപനത്തിലെ ഓരോ വിഭാഗം ജീവനക്കാർക്കുമുള്ള വേതന നിരക്ക് പ്രസ്താവിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ആയത് തൊഴിൽവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളത് കാണാവുന്നതാണ്.

(ബി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും, ജില്ലാ ലേബർ ഓഫീസർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തുകയും, നിയമലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളിൽ സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നടപ്പിലാക്കിയിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല		ആശുപത്രികളുടെ എണ്ണം
തിരുവനന്തപുരം	-	11
കൊല്ലം	-	5
ആലപ്പുഴ	-	18
പത്തനംതിട്ട	-	4
കോട്ടയം	-	10
എറണാകുളം	-	5
തൃശ്ശൂർ	-	13
പാലക്കാട്	-	4
ഇടുക്കി	-	ഇല്ല
വയനാട്	-	3
മലപ്പുറം	-	14
കോഴിക്കോട്	-	11
കണ്ണൂർ	-	5
കാസർഗോഡ്	-	ഇല്ല.

ചിറ്റൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം ലഭിച്ചവർ

224 (4510) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചിറ്റൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത്; വകുപ്പു തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിലെ ലിസ്റ്റിലെ സീനിയോറിറ്റി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 374 പേർക്ക്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി)അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly